# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6178 02.04.2018-ൽ മറുപടിക്ക്**

## കെ. എസ്. ഇ. ബി. വാങ്ങിയ കേട്ടുപാട്ടുകൾ ഉള്ള ഇൻസുലേറ്ററുകൾ

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നുമാണ് കെ. എസ്. ഇ. ബി. ഇൻസുലേറ്റർ വാങ്ങിയിരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ നിന്ന് ഇൻസുലേറ്ററുകൾ വാങ്ങിയിട്ടില്ല. |
| (ബി) | വ്യാപകമായ കേട്ടുപാട്ടുകൾ ഉള്ള ഇൻസുലേറ്ററുകൾ ഇതര സംസ്ഥാനത്ത് നിന്നും കെ. എസ്. ഇ. ബി. വാങ്ങാൻ ഇടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | ഇന്ത്യൻ സ്റ്റാന്റേർഡ് (ഐ.എസ്.) ഉം ഇന്റർനാഷണൽ ഇലക്ട്രോ ടെക്നിക്കൽ കമ്മീഷൻ (ഐ.ഇ.സി.)-യും നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്ന സാധനസാമഗ്രികൾക്കു മാത്രമെ ടെൻഡർ പ്രകാരം ക്വാട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.. കേരള സർക്കാരിന്റെ വെബ്സൈറ്റിൽ ഇ-ടെണ്ടർ മുഖേന മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചാണ് പർച്ചേസ് നടത്തുന്നത്. ടെണ്ടർ സാമ്പത്തികമായും സാങ്കേതികമായും വിലയിരുത്തി സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പു വരുത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്യു ആളിന് കരാർ ഉറപ്പിക്കുന്നു. സാധന സാമഗ്രികൾ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ബോർഡ് സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. സാധന സാമഗ്രികൾ കെ.എസ്.ഇ.ബി.എൽ. -ന്റെ ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിയാൽ ഗുണമേന്മ ഒന്നുകൂടി ഉറപ്പുവരുത്തിയതിന് ശേഷമാണ് ഉപയോഗ യോഗ്യമാക്കുന്നത്. പരിശോധനയിൽ മോശമായ സാധനങ്ങൾ നിരസിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | കേടുപാടുകൾ ഉള്ള ഇൻസുലേറ്ററുകൾ കെ. എസ്. ഇ. ബി. ക്ക് ലഭ്യമാക്കിയ സ്ഥാപനം ഏതാണ്; അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | 2016-17, 2017-18 കാലയളവിൽ താഴെ പറയുന്ന കമ്പനികളിൽ നിന്നു വാങ്ങിയ ഇൻസുലേറ്ററുകൾക്ക് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്.<br>1. സൂരജ് സെറാമിക്സ്, ബീക്കാനീർ.<br>2. അഗർവാൾ പോഴ്സലൈൻ, ബീക്കാനീർ.<br>3. എ.കെ.ഇന്ത്യ സെറാമിക്സ്, ബീക്കാനീർ.<br>4. ഗോൾഡ് സ്റ്റോൺ ഇൻഫ്രാടെക് ലിമിറ്റഡ്, സെക്കന്തരാബാദ്.<br>ഈ ഉൽപാദന കേന്ദ്രങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള ഇൻസുലേറ്ററുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിലവാരം ഇല്ലാത്ത സാധനങ്ങൾ നിരസിച്ചിട്ടുണ്ട്. കരാർ പ്രകാരം നിരസിച്ച ഉല്പന്നങ്ങൾ മാറ്റി ഗുണനിലവാരമുള്ളവ സൗജന്യമായി നല്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ പ്രകാരമുള്ള തുടർ നടപടികൾ (സെക്യൂരിറ്റി തുക തടഞ്ഞു വയ്ക്കുക, കരിമ്പട്ടികയിൽ പ്പെടുത്തുക) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ